"ഭരണഭാഷ- മാതൃഭാഷ"

കേരള സർക്കാർ

സംഗ്രഹം

ഉന്നത വിദ്യാഭ്യാസ വകുപ്പ്-സ്വകാര്യ എയ്ഡഡ് കോളേജുകൾ-ചേർത്തല സെന്റ് മൈക്കിൾസ് കോളെജിലെ ഗ്രേഡ് IV ലൈബ്രേറിയനായ ശ്രീമതി പെടീഷ്യ റോബിന്റെ നിയമനാംഗീകാരം - അനുമതി നല്കി ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

ഉന്നത വിദ്യാഭ്യാസ ( ഡി) വകുപ്പ്

സ.ഉ.(കൈ) നം.324/2023/HEDN തീയതി,തിരുവനന്തപുരം, 08-06-2023

---

പരാമർശം:-

1. 24.10.2017 ലെ സ.ഉ.(കൈ)നം.269/2017/ഉവിവ
2. ശ്രീമതി പെടീഷ്യ റോബിൻ സർക്കാരിന് സമർപ്പിച്ച 18.10.2021, 30.12.2021 എന്നീ തീയതികളിലെ അപേക്ഷ.
3. കോളേജ് വിദ്യാഭ്യാസ ഡയറക്ടറുടെ 15.2.2022, 25.4.2022 എന്നീ തീയതികളിലെ എഫ്4/5858/2022/DCE നമ്പർ കത്തുകൾ.

ഉത്തരവ്

ശ്രീമതി. പെടീഷ്യ റോബിനെ ചേർത്തല സെന്റ് മൈക്കിൾസ് കോളേജിൽ ലൈബ്രേറിയൻ ഗ്രേഡ് IV തസ്തികയിൽ 28.12.2012- ൽ മാനേജർ നിയമിച്ചു. എന്നാൽ നിയമന സമയത്ത് ഉയർന്ന പ്രായ പരിധി അധികരിച്ചിരുന്നു എന്ന കാരണത്താൽ ടി നിയമനത്തിന് കോളേജ് വിദ്യാഭ്യാസ ഡയറക്ടറും സർക്കാരും നിയമനാംഗീകാരം നൽകുകയുണ്ടായില്ല. തുടർന്ന് പരാതിക്കാരി ബഹു. ഹൈക്കോടതി മുമ്പാകെ WP(C)15782/13- ാം നമ്പരായി ഫയൽ ചെയ്ത റിട്ട് പെറ്റീഷനിലെ ബഹു.ഹൈക്കോടതിയുടെ 02.02.2015-ലെ വിധിന്യായത്തിന്റെ വെളിച്ചത്തിൽ അപേക്ഷകയെ സർക്കാർ നേരിൽ കേൾക്കുകയും അപേക്ഷ നിരസിക്കുകയും ചെയ്തു.പ്രസ്തുത തീരുമാനത്തിനെതിരെ ശ്രീമതി. പെടീഷ്യ റോബിൻ സമർപ്പിച്ച അപ്പീൽ അപേക്ഷയും പരാമർശം (1) പ്രകാരം നിരസിക്കുകയുണ്ടായി.

2. ഇതിനു തുടർച്ചയായി ശ്രീമതി പെടീഷ്യ റോബിൻ പരാമർശം (2) പ്രകാരം സർക്കാരിന് അപ്പീൽ അപേക്ഷ സമർപ്പിക്കുകയുണ്ടായി. ചേർത്തല സെന്റ് മൈക്കിൾസ് കോളേജിലെ "കോളേജ് ലൈബ്രേറിയൻ" എന്ന തസ്തികയിലേക്കാണ് നിയമന പ്രക്രിയ ആരംഭിച്ചതെന്നും നിയമനം "as per Government/University/UGC Rules" (സർക്കാർ/സർവ്വകലാശാല /യു.ജി.സി. നിയമ പ്രകാരം) എന്നാണ് വിജ്ഞാപനത്തിൽ പറഞ്ഞിരുന്നതെന്നും സർക്കാർ നോമിനി കൂടി പങ്കെടുത്ത സെലക്ഷൻ കമ്മിറ്റിയാണ് തന്നെ ഇന്റർവ്യൂ ചെയ്ത് ഒന്നാം റാങ്കുകാരിയായി തിരഞ്ഞെടുത്തതെന്നും ഇതിനെ തുടർന്നാണ് മാനേജർ തന്നെ ലൈബ്രേറിയനായി നിയമിച്ചതെന്നും ഗ്രേഡ് IV ലൈബ്രേറിയൻ തസ്തികയുടെ ഉയർന്ന പ്രായപരിധി അധികരിച്ചതിനാലാണ് കോളേജ് വിദ്യാഭ്യാസ ഡയറക്ടർ നിയമനാംഗീകാരം നിരസിച്ചതെന്നും എന്നാൽ കോളേജിന് അർഹത ഉണ്ടായിരുന്ന യുജിസി ലൈബ്രേറിയൻ തസ്തികയായി പരിഗണിച്ചാൽ തന്റെ നിയമനം പ്രായ പരിധിക്കുള്ളിൽ വരുമെന്നും ശ്രീമതി പെടീഷ്യ റോബിൻ ആവലാതി രേഖപ്പെടുത്തി.

3. ചേർത്തല സെന്റ് മൈക്കിൾസ് കോളേജിന് 1994 മുതൽ UGC ധനസഹായം ലഭിച്ചു വരുന്നതായും സ.ഉ.(കൈ)നം.50/2008/ഉവിവ തീയതി 09.05.2008 പ്രകാരം ടി കോളേജിന്

UGC ലൈബ്രേറിയൻ തസ്തികയ്ക്ക് അർഹതയുണ്ടെന്നും കൂടാതെ UGC സ്കെയിലിൽ ശമ്പളം വാങ്ങി വന്നിരുന്ന സിസ്റ്റർ മെറ്റിൽഡ വിരമിച്ച ഒഴിവിലാണ് തന്നെ നിയമിച്ചതെന്നും ശ്രീമതി.പെട്രീഷ്യാ റോബിൻ അറിയിച്ചിരുന്നു. 10 ാം പദ്ധതി കാലയളവിൽ ചേർത്തല സെന്റ് മൈക്കിൾസ് കോളേജിന് UGC ധനസഹായം ലഭിച്ചുവെന്നതിന്റെ തെളിവായി UGCയുടെ 09.12.2003 തീയതിയിലെ കത്തിന്റെ പകർപ്പും അപേക്ഷക സമർപ്പിച്ചു. ചേർത്തല സെന്റ് മൈക്കിൾസ് കോളേജിന് UGC ലൈബ്രേറിയൻ തസ്തിക അനുവദനീയമായതിനാലും UGC റഗുലേഷനിൽ ജനറൽ കാറ്റഗറിക്ക് 40 വയസ്സായി ഉയർന്ന പ്രായപരിധിയും ഒ.ബി.സി.കാറ്റഗറിക്ക് 3 വർഷം ഇളവും നിഷ്കർഷിച്ചിട്ടുള്ളതിനാലും നിയമനസമയത്ത് തന്റെ പ്രായം നിയമാനുസൃത പ്രായപരിധിയ്ക്കുള്ളിൽ ആയിരുന്നുവെന്നും ഹർജിക്കാരി അവകാശപ്പെട്ടു. കഴിഞ്ഞ 9 വർഷത്തിലേറെയായി സെന്റ് മൈക്കിൾസ് കോളേജിൽ ജോലി ചെയ്തു വരികയാണെന്നും ഇപ്പോൾ പ്രായം 50 വയസ്സായതിനാൽ ഇനി മറ്റൊരു ജോലിക്ക് അപേക്ഷിക്കാൻ കഴിയാത്ത സാഹചര്യമാണ് നിലവിലുള്ളതെന്നും തന്റെ സാമ്പത്തിക സ്ഥിതി വളരെ പരിതാപകരമാണെന്നും കുട്ടികൾക്ക് ട്യൂഷൻ എടുക്കുന്നത് വഴി ഭർത്താവിന് ലഭിക്കുന്ന തുകയാണ് ഏക വരുമാനമെന്നും ആയതിനാൽ തന്റെ നിയമനത്തിന് അംഗീകാരം നൽകണമെന്നും ശ്രീമതി.പെട്രീഷ്യാ റോബിൻ അഭ്യർത്ഥിക്കുകയുണ്ടായി.

4. ശ്രീമതി. പെട്രീഷ്യ റോബിൻ നിയമിക്കപ്പെട്ട സെലക്ഷൻ പ്രക്രിയയ്ക്കായി സർക്കാർ നോമിനിയെ നിയോഗിച്ചത് ഗ്രേഡ് IV ലൈബ്രേറിയൻ തസ്തികയ്ക്ക് വേണ്ടിയാണെന്നും മാനേജർ ടിയാരിയെ നിയമിച്ചത് ഗ്രേഡ് IV ലൈബ്രേറിയൻ തസ്തികയിലേക്ക് ആണെന്നും കോളേജ് വിദ്യാഭ്യാസ ഡയറക്ടർ പരാമർശം (3) പ്രകാരം അറിയിച്ചു. മുമ്പ് ടി കോളേജിൽ ലൈബ്രേറിയനായി പ്രവർത്തിച്ച സിസ്റ്റർ മെറ്റിൽഡയ്ക്ക് സ.ഉ.(കൈ)നം.119/2004/ഉവിവ തിയതി 17.09.2004, സ.ഉ.(കൈ)നം.50/2008/ഉവിവ തിയതി 09.05.2008 എന്നിവ പ്രകാരം ഇളവു നൽകിയ യോഗ്യതയുടെ അടിസ്ഥാനത്തിൽ യു.ജി.സി. സ്കെയിൽ നൽകിയിരുന്നെന്നും 9.05.2008 ലെ ഉത്തരവ് പ്രകാരം UGC ധനസഹായം ലഭിക്കുന്ന "E" ഗ്രേഡ് കോളേജുകൾക്ക് UGC ലൈബ്രേറിയൻ തസ്തികയ്ക്ക് അർഹതയുണ്ടെന്നും കോളേജ് വിദ്യാഭ്യാസ ഡയറക്ടർ റിപ്പോർട്ട് ചെയ്യുകയുണ്ടായി.

5. ശ്രീമതി പെട്രീഷ്യ റോബിൻ പരാമർശം (1) പ്രകാരം സർക്കാരിന് സമർപ്പിച്ച അപ്പീൽ അപേക്ഷ കോളേജ് വിദ്യാഭ്യാസ ഡയറക്ടറുടെ പരാമർശം (3) പ്രകാരമുള്ള റിപ്പോർട്ടിന്റെ അടിസ്ഥാനത്തിലും ഈ വിഷയവുമായി ബന്ധപ്പെട്ട രേഖകളുടെ അടിസ്ഥാനത്തിലും സർക്കാർ വിശദമായി പരിശോധിച്ചു. സർക്കാർ നോമിനി പങ്കെടുത്ത സെലക്ഷൻ കമ്മിറ്റിയാണ് ശ്രീമതി. പെട്രീഷ്യ റോബിനെ ഗ്രേഡ് IV ലൈബ്രേറിയൻ തസ്തികയിലേക്ക് തിരഞ്ഞെടുത്തത്. ഗ്രേഡ് IV ലൈബ്രേറിയൻ തസ്തികയിലേക്കുള്ള നിയമനത്തിന് ടിയാരി ഉയർന്ന പ്രായപരിധി അധികരിച്ചെങ്കിലും UGC ലൈബ്രേറിയൻ തസ്തികയിലേക്കുള്ള നിയമനമായി പരിഗണിച്ചാൽ ടിയാരി നിശ്ചിത പ്രായപരിധിക്കുള്ളിലാണെന്നും ടി കോളേജിൽ UGC ലൈബ്രേറിയനായി ജോലി ചെയ്തുവന്ന സിസ്റ്റർ. മെറ്റിൽഡ വിരമിച്ച ഒഴിവിലേക്കാണ് ശ്രീമതി. പെട്രീഷ്യാ റോബിൻ നിയമിക്കപ്പെട്ടതെന്നും കൂടാതെ സ്റ്റാഫ് പാറ്റേൺ 2016 പ്രകാരം 18.10.2016 ന് ചേർത്തല സെന്റ് മൈക്കിൾസ് കോളേജിൽ UGC ലൈബ്രേറിയൻ തസ്തിക അനുവദിച്ചുവെങ്കിലും ശ്രീമതി. പെട്രീഷ്യ റോബിന് നിയമനാംഗീകാരം നൽകാത്തതിനാൽ ടി തസ്തിക ഒഴിച്ചിട്ടിരിക്കുകയാണെന്നും കണ്ടെത്തുകയുണ്ടായി. 10.02.1994 മുതൽ സെന്റ് മൈക്കിൾസ് കോളേജിന് UGC ഗ്രാന്റ് ലഭിച്ചിരുന്നെങ്കിലും ടി തസ്തികയെ കോളേജ്

ലൈബ്രേറിയൻ ഗ്രേഡ് IV എന്ന തസ്തികയായാണ് വിജ്ഞാപനം ചെയ്തതും 28.12.2012 ന് ശ്രീമതി. പെട്രീഷ്യാ റോബിനെ ഗ്രേഡ് IV ലൈബ്രേറിയനായി നിയമിക്കുകയും ചെയ്തത്. 09.05.2008 ലെ സ.ഉ.(കൈ)നം.50/2008/ഉവിവ യുടെ ഖണ്ഡിക 5 (i) പ്രകാരം യു.ജി.സി. യോഗ്യത കൈവരിച്ചിട്ടുള്ളതും 17.09.2004-ൽ ലൈബ്രേറിയന്മാരായി സർവ്വീസിലുള്ളതുമായ ലൈബ്രേറിയൻമാർക്ക് യു.ജി.സി. സ്കെയിലിൽ ശമ്പളത്തിന് അർഹതയുണ്ട്. ശ്രീമതി. പെട്രീഷ്യ റോബിൻ മൂന്ന് MA ഡിഗ്രികളും, NET, PhD, MPhil, MLISc എന്നിവ ഉൾപ്പെടെ UGC ലൈബ്രേറിയന് വേണ്ട എല്ലാ യോഗ്യതകളും ആർജിച്ചിട്ടുണ്ട്.

6. മേൽ വിവരിച്ച സാഹചര്യങ്ങളുടെ അടിസ്ഥാനത്തിൽ ചേർത്തല സെന്റ് മൈക്കിൾസ് കോളേജിൽ 28.12.2012 ൽ ലൈബ്രേറിയൻ ഗ്രേഡ് IV ആയി നിയമിതയായ ശ്രീമതി.പെട്രീഷ്യ റോബിന് നിയമനാംഗീകാരം നല്കുന്നതിന് കോളേജ് വിദ്യാഭ്യാസ ഡയറക്ടർക്ക് അനുമതി നൽകി ഇതിനാൽ ഉത്തരവാകുന്നു.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)

ഹരി കുമാർ ജി

അഡിഷണൽ സെക്രട്ടറി

പകർപ്പ് : 1) ശ്രീമതി.പെട്രീഷ്യ റോബിൻ, ലൈബ്രേറിയൻ, സെന്റ് മൈക്കിൾസ് കോളെജ്. ചേർത്തല

2) കോളേജ് വിദ്യാഭ്യാസ ഡയറക്ടർ, തിരുവനന്തപുരം

3) കോളേജ് വിദ്യാഭ്യാസ ഡെപ്യൂട്ടി ഡയറക്ടർ, എറണാകുളം

3) അക്കൌണ്ടന്റ് ജനറൽ (എ &ഇ/ആഡിറ്റ്) തിരുവനന്തപുരം

5) പ്രിൻസിപ്പൽ/മാനേജർ, സെന്റ് മൈക്കിൾസ് കോളെജ്, ചേർത്തല

6) പൊതുഭരണ (എസ്.സി) വകുപ്പ് (6.6.2023ലെ ഇനം നം 1543 തീരുമാനം)

7) കരുതൽ കോപ്പി/ ഓഫീസ് കോപ്പി (ഡി3/73/2021/ഉ.വി.വ)

8) I&PRD, വെബ് & ന്യൂ മീഡിയ

ഉത്തരവിൻ പ്രകാരം

Signed by
Suryasree S
Date: 08-06-2023 11:23:57

സെക്ഷൻ ഓഫീസർ

രഹസ്യം

# കേരള സർക്കാർ

# മന്ത്രിസഭായോഗത്തിന്റെ നടപടിക്കുറിപ്പുകൾ

## തീയതി : 06-06-2023

ഫയൽ നം. ഡി3/73/2021/ഉ.വി.വ.

ഇനം നം: 1543

വിഷയം : ഉന്നതവിദ്യാഭ്യാസ വകുപ്പ് - സ്വകാര്യ എയ്ഡഡ് കോളേജുകൾ - ചേർത്തല സെന്റ് മൈക്കിൾസ് കോളേജിലെ ശ്രീമതി. പെട്രീഷ്യ റോബിന്റെ ലൈബ്രേറിയൻ തസ്തികയിലെ നിയമനം - അംഗീകാരം നൽകുന്നത്.

തീരുമാനം : കുറിപ്പിലെ നിർദ്ദേശം അംഗീകരിച്ചു.

(ഒപ്പ്)
പിണറായി വിജയൻ
മുഖ്യമന്ത്രി

(ശരിപ്പകർപ്പ്)

Sd/-

ഡോ. വി പി ജോയ്
ചീഫ് സെക്രട്ടറി

പ്രിൻസിപ്പൽ സെക്രട്ടറി, ഉന്നതവിദ്യാഭ്യാസ വകുപ്പ്.

**കേരള സർക്കാർ**
**(ശ്രീ. പിണറായി വിജയൻ മന്ത്രിസഭ)**
**മന്ത്രിസഭാ യോഗത്തിനുള്ള കുറിപ്പ്**

| | | | |
|---|---|---|---|
| 1. | ഫയൽ നമ്പർ | : | ഡി3/73/2021/ഉ.വി.വ |
| 2. | വകുപ്പ് | : | ഉന്നത വിദ്യാഭ്യാസ (ഡി) വകുപ്പ് |
| 3. | വിഷയം | : | ഉന്നത വിദ്യാഭ്യാസ വകുപ്പ് -സ്വകാര്യ എയ്ഡഡ് കോളേജുകൾ- ചേർത്തല സെന്റ് മൈക്കിൾസ് കോളേജിലെ ശ്രീമതി. പെടീഷ്യ റോബിന്റെ ലൈബ്രേറിയൻ തസ്തികയിലെ നിയമനം അംഗീകാരം നൽകുന്നത് - സംബന്ധിച്ച് |
| 4. | മന്ത്രിസഭായോഗത്തിൽ സമർപ്പിക്കാനുള്ള മുഖ്യമന്ത്രിയുടെ ഉത്തരവ് തീയതി | : | 19.03.2023 |
| 5. | (i) ഇത് സാമ്പത്തിക ബാധ്യതയുള്ളതാണോ? | : | ഉണ്ട് |
| | (ii) സാമ്പത്തിക ബാധ്യതയുള്ളതാണെങ്കിൽ ധനകാര്യവകുപ്പുമായി ആലോചിച്ചിട്ടുണ്ടോ; ഉണ്ടെങ്കിൽ അവരുടെ അഭിപ്രായം മന്ത്രിസഭാ യോഗത്തിനുള്ള കുറിപ്പിൽ ഉൾക്കൊള്ളിച്ചിട്ടുണ്ടോ | : | ഉണ്ട് |
| 6. | മറ്റേതെങ്കിലും വകുപ്പുമായി ആലോചിച്ചിട്ടുണ്ടോ; ഉണ്ടെങ്കിൽ അവരുടെ അഭിപ്രായം മന്ത്രിസഭാ യോഗത്തിനുള്ള കുറിപ്പിൽ ഉൾക്കൊള്ളിച്ചിട്ടുണ്ടോ | : | ഇല്ല |
| 7. | കുറിപ്പ് സമർപ്പിച്ച അഡീഷണൽ സെക്രട്ടറിയുടെ പേര് | : | ശ്രീ. ജി.ഹരികുമാർ |
| 8. | കുറിപ്പ് അംഗീകരിച്ച പ്രിൻസിപ്പൽ സെക്രട്ടറിയുടെ പേര് | : | ശ്രീമതി.ഇഷിത റോയ് |
| 9. | മന്ത്രിസഭയ്ക്കുള്ള കരട് കുറിപ്പ് പ്രിൻസിപ്പൽ സെക്രട്ടറി അംഗീകരിച്ച തീയതി | : | 22/05/2023 |
| 10. | കുറിപ്പ് അംഗീകരിച്ച ചീഫ് സെക്രട്ടറിയുടെ പേര് | : | ഡോ. വി. പി ജോയ് |
| 11. | മന്ത്രിസഭയ്ക്കുള്ള കരട് കുറിപ്പ് ചീഫ് സെക്രട്ടറി അംഗീകരിച്ച തീയതി | : | 23/05/2023 |
| 12. | കുറിപ്പ് അംഗീകരിച്ച മന്ത്രിയുടെ പേര് | : | ഡോ. ആർ. ബിന്ദു |
| 13. | മന്ത്രിസഭയ്ക്കുള്ള കരട് മന്ത്രി അംഗീകരിച്ച തീയതി | : | 24/05/2023 |
| 14. | കുറിപ്പിന്റെ പകർപ്പുകൾ സമർപ്പിച്ച തീയതി | : | 25/05/2023 |
| 15. | മന്ത്രിസഭായോഗം തീരുമാനമെടുത്ത തീയതി | : | |
| 16. | തീരുമാനം പുറപ്പെടുവിച്ച സർക്കാർ ഉത്തരവ്/ കത്തിന്റെ നമ്പറും തീയതിയും. | : | |

# മന്ത്രിസഭായോഗത്തിനുള്ള കുറിപ്പ്

ചേർത്തല സെന്റ് മൈക്കിൾസ് കോളേജിൽ ലൈബ്രേറിയൻ തസ്തികയിൽ 28.12.2012 ൽ മാനേജർ നിയമിച്ച ശ്രീമതി. പെടീഷ്യ റോബിന്റെ നിയമന അംഗീകാരമാണ് ഈ കുറിപ്പിലെ പ്രതിപാദ്യ വിഷയം. നിയമന തീയതി മുതൽ നിയമനം അംഗീകരിക്കണമെന്ന ആവശ്യവുമായി ശ്രീമതി. പെടീഷ്യ റോബിൻ സർക്കാരിന് അപ്പീൽ അപേക്ഷ സമർപ്പിക്കുകയുണ്ടായി.

2. ശ്രീമതി. പെടീഷ്യ റോബിനെ ചേർത്തല സെന്റ് മൈക്കിൾസ് കോളേജിൽ ഗ്രേഡ് IV ലൈബ്രേറിയനായി 28.12.2012 ന് മാനേജർ നിയമിച്ചിരുന്നു. എന്നാൽ ടി നിയമനത്തിനായി അപേക്ഷ ക്ഷണിച്ച സമയത്ത് തന്നെ ശ്രീമതി. പെടീഷ്യ റോബിൻ അപേക്ഷ സമർപ്പിക്കുന്നതിനുള്ള ഉയർന്ന പ്രായപരിധി കടന്നിരുന്നതിനാൽ കോളേജ് വിദ്യാഭ്യാസ ഡയറക്ടറും സർക്കാരും നിയമനാംഗീകാരം നിരസിക്കുകയുണ്ടായി. തുടർന്ന് പരാതിക്കാരി ബഹു. ഹൈക്കോടതി മുമ്പാകെ WP(C)15782/13 ാം നമ്പരായി റിട്ട് പെറ്റീഷൻ ഫയൽ ചെയ്യുകയും ബഹു.ഹൈക്കോടതിയുടെ 02.02.2015 ലെ വിധിന്യായത്തിന്റെ വെളിച്ചത്തിൽ അപേക്ഷകയെ സർക്കാർ നേരിൽ കേൾക്കുകയും നിയമനം ചട്ടവിരുദ്ധമായതിനാൽ ടി അപേക്ഷ നിരസിക്കുകയും ചെയ്യുകയുണ്ടായി. ഈ തീരുമാനത്തിനെതിരെ അപേക്ഷക സർക്കാർ മുമ്പാകെ റിവ്യൂ ഹർജി സമർപ്പിക്കുകയുണ്ടായി.

3. അപേക്ഷകയുടെ ആവശ്യം ഔട്ട് ഓഫ് അജണ്ടയായി 02.03.2016 ലെ മന്ത്രിസഭായോഗം പരിഗണിക്കുകയും ഇനം നം.8719 തീരുമാനമായി ശ്രീമതി. പെടീഷ്യ റോബിന് വയസ്സിളവ് അനുവദിക്കുന്നതിനും ടിയാരിയെ ചേർത്തല സെന്റ് മൈക്കിൾസ് കോളേജിൽ ലൈബ്രേറിയനായി റെഗുലറൈസ് ചെയ്യുന്നതിനും തീരുമാനിക്കുകയുണ്ടായി. എന്നാൽ 2016 ലെ പൊതുതിരഞ്ഞെടുപ്പ് പ്രഖ്യാപിച്ചതിനെത്തുടർന്ന് തെരഞ്ഞെടുപ്പ് പെരുമാറ്റച്ചട്ടം നിലവിൽ വന്നതിനാൽ ക്യാബിനറ്റ് തീരുമാനം നടപ്പാക്കുന്നതിനായുള്ള ഉത്തരവ് പുറപ്പെടുവിച്ചിരുന്നില്ല.

4. 2016 ലെ പൊതുതിരഞ്ഞെടുപ്പിനുശേഷം പുതിയ സർക്കാർ അധികാരത്തിൽ വരികയും 01.01.2016 ന് ശേഷം മുൻ സർക്കാർ എടുത്ത മന്ത്രിസഭാ തീരുമാനങ്ങൾ പുന:പരിശോധിക്കുന്നതിലേക്കായി ഒരു ക്യാബിനറ്റ് സബ് കമ്മറ്റി രൂപീകരിക്കുകയുമുണ്ടായി. ടി മന്ത്രിസഭാ ഉപസമിതി ഈ വിഷയം പരിഗണിക്കുകയും ഇപ്രകാരം ശുപാർശ ചെയ്യുകയും

ചെയ്തു.

**"ലൈബ്രേറിയൻ ഗ്രേഡ് IV ആയി ശ്രീമതി പെട്രീഷ്യ റോബിനിന് മാനേജ്മെന്റ് നിയമനം നൽകിയതുതന്നെ പ്രസ്തുത തസ്തികയിലേക്കുള്ള നിയമന വിജ്ഞാപനത്തിലെ അടിസ്ഥാന നിബന്ധനകൾക്ക് വിരുദ്ധമായിരുന്നു തെറ്റായ കീഴ് വഴക്കം സൃഷ്ടിക്കുമെന്നതിനാൽ Out of Agenda യായി എടുത്ത തീരുമാനം റദ്ദാക്കേണ്ടതാണ്."**

5. ഇതിനു തുടർച്ചയായി 14.03.2017 ലെ മന്ത്രിസഭാ യോഗം ഈ വിഷയം പരിഗണിക്കുകയും 715 ാം നമ്പർ തീരുമാന പ്രകാരം 02.03.2016 ലെ ക്യാബിനറ്റ് തീരുമാനം പുന:പരിശോധിക്കുന്നതിന് തീരുമാനമെടുക്കുകയുണ്ടായി. തുടർന്ന് ഈ വിഷയം 19.10.2017 ലെ മന്ത്രിസഭായോഗം ഇനം. നം.1543 ആയി പരിഗണിക്കുകയും 2.3.2016 ലെ ഇനം നം. 8719 ആയി എടുത്ത തീരുമാനം റദ്ദാക്കുന്നതിന് തീരുമാനമെടുക്കുകയും ചെയ്യുകയുണ്ടായി. ഈ തീരുമാനം 24.10.2017 ലെ സ.ഉ.(കൈ)നം.269/2017/ഉവിവ നമ്പർ ഉത്തരവായി പുറപ്പെടുവിക്കുകയുണ്ടായി.

6. ഇതിനുശേഷം ശ്രീമതി. പെട്രീഷ്യ റോബിൻ സമർപ്പിച്ച മറ്റൊരു റിവ്യൂ പെറ്റീഷനിൽ ചേർത്തല സെന്റ് മൈക്കിൾസ് കോളേജിലെ "കോളേജ് ലൈബ്രേറിയൻ" എന്ന തസ്തികയിലേക്കാണ് നിയമന പ്രക്രിയ ആരംഭിച്ചതെന്നും നിയമനം "as per Government/University/UGC Rules" (സർക്കാർ/സർവ്വകലാശാല /യു.ജി.സി. നിയമ പ്രകാരം) എന്നാണ് വിജ്ഞാപനത്തിൽ പറഞ്ഞിരുന്നതെന്നുമാണ് അവകാശപ്പെട്ടിട്ടുള്ളത്. സർക്കാർ നോമിനി കൂടി പങ്കെടുത്ത സെലക്ഷൻ കമ്മിറ്റിയാണ് തന്നെ ഇന്റർവ്യൂ ചെയ്ത് ഒന്നാം റാങ്കുകാരിയായി തിരഞ്ഞെടുത്തതെന്നും അറിയിക്കുകയുണ്ടായി. ഇതിനെ തുടർന്ന് മാനേജർ ടിയാരിയെ ലൈബ്രേറിയനായി നിയമിച്ചു. എന്നാൽ ടിയാരിക്ക് ഗ്രേഡ് IV ലൈബ്രേറിയൻ തസ്തികയുടെ ഉയർന്ന പ്രായപരിധി അധികരിച്ചതിനാൽ നിയമനാംഗീകാരം കോളേജ് വിദ്യാഭ്യാസ ഡയറക്ടർ നിരസിക്കുകയുണ്ടായതായി പരാതിക്കാരി ആവലാതിപ്പെട്ടിരിക്കുന്നു.

7. ചേർത്തല സെന്റ് മൈക്കിൾസ് കോളേജിന് 1994 മുതൽ UGC ധനസഹായം ലഭിച്ചു വരുന്നതായും സ.ഉ.(കൈ)നം.50/2008/ഉവിവ തീയതി 9.5.2008 പ്രകാരം ടി കോളേജിന് UGC ലൈബ്രേറിയൻ തസ്തികയ്ക്ക് അർഹതയുണ്ടെന്നും റിവ്യൂ പെറ്റീഷനിൽ പരാതിക്കാരി ബോധിപ്പിച്ചിരിക്കുന്നു. കൂടാതെ UGC സ്കെയിലിൽ ശമ്പളം വാങ്ങി വന്നിരുന്ന സിസ്റ്റർ.മെറ്റിൽഡ വിരമിച്ച ഒഴിവിലാണ് തന്നെ നിയമിച്ചതെന്നും ശ്രീമതി.പെട്രീഷ്യാ റോബിൻ അറിയിച്ചിരുന്നു. 10 ാം പദ്ധതി കാലയളവിൽ ചേർത്തല സെന്റ് മൈക്കിൾസ് കോളേജിന് UGC ധനസഹായം ലഭിച്ചുവെന്നതിന്റെ തെളിവായി UGC യുടെ 09.12.2003

തീയതിയിലെ കത്തിന്റെ പകർപ്പും അപേക്ഷക സമർപ്പിച്ചു. ചേർത്തല സെന്റ് മൈക്കിൾസ് കോളേജിന് UGC ലൈബ്രേറിയൻ തസ്തിക അനുവദനീയമായതിനാലും UGC റഗുലേഷനിൽ ജനറൽ കാറ്റഗറിക്ക് 40 വയസ്സായി ഉയർന്ന പ്രായപരിധിയും ഒ.ബി.സി.കാറ്റഗറിക്ക് 3 വർഷം ഇളവും നിഷ്കർഷിച്ചിട്ടുള്ളതിനാലും നിയമനസമയത്ത് തന്റെ പ്രായം നിയമാനുസൃത പ്രായപരിധിയ്ക്കുള്ളിൽ ആയിരുന്നുവെന്നും അവകാശപ്പെട്ടിട്ടുണ്ട്. അപേക്ഷക കഴിഞ്ഞ 9 വർഷത്തിലേറെയായി സെന്റ് മൈക്കിൾസ് കോളേജിൽ ജോലി ചെയ്തു വരികയാണെന്നും ഇപ്പോൾ പ്രായം 50 വയസ്സായതിനാൽ ഇനി മറ്റൊരു ജോലിക്ക് അപേക്ഷിക്കാൻ കഴിയാത്ത സാഹചര്യമാണ് നിലവിലുള്ളതെന്നും സർക്കാരിനെ അറിയിച്ചിട്ടുണ്ട്. തന്റെ സാമ്പത്തിക സ്ഥിതി വളരെ പരിതാപകരമാണെന്നും കുട്ടികൾക്ക് ട്യൂഷൻ എടുക്കുന്നത് വഴി ഭർത്താവിന് ലഭിക്കുന്ന തുകയാണ് ഏക വരുമാനമെന്നും അറിയിച്ചിട്ടുണ്ട്.

8. ശ്രീമതി. പെടീഷ്യ റോബിൻ നിയമിക്കപ്പെട്ട സെലക്ഷൻ പ്രക്രിയയ്ക്കായി സർക്കാർ നോമിനിയെ നിയോഗിച്ചത് ഗ്രേഡ് IV ലൈബ്രേറിയൻ തസ്തികയ്ക്ക് വേണ്ടിയാണെന്നും മാനേജർ ടിയാരിയെ നിയമിച്ചത് ഗ്രേഡ് IV ലൈബ്രേറിയൻ തസ്തികയിലേക്ക് തന്നെയാണെന്നും കോളേജ് വിദ്യാഭ്യാസ ഡയറക്ടർ റിപ്പോർട്ട് ചെയ്തിട്ടുണ്ട്. അതുകൊണ്ട്തന്നെ UGC ലൈബ്രേറിയൻ തസ്തികയ്ക്ക് ബാധകമായ പ്രായപരിധി ശ്രീമതി.പെടീഷ്യാ റോബിന്റെ നിയമനത്തിന് ബാധകമല്ല എന്നും അറിയിക്കുകയുണ്ടായി. മുമ്പ് ടി കോളേജിൽ ലൈബ്രേറിയനായി പ്രവർത്തിച്ച സിസ്റ്റർ.മെറ്റിൽഡയ്ക്ക് സ.ഉ.(കൈ)നം.119/2004/ഉവിവ തിയതി 17.09.2004, സ.ഉ.(കൈ)നം.50/2008/ഉവിവ തിയതി 9.05.2008 എന്നിവ പ്രകാരം ഇളവു നൽകിയ യോഗ്യതയുടെ അടിസ്ഥാനത്തിലാണ് യു.ജി.സി. സ്കെയിൽ നൽകിയതെന്നും 9.05.2008 ലെ ഉത്തരവ് പ്രകാരം UGC ധനസഹായം ലഭിക്കുന്ന "E" ഗ്രേഡ് കോളേജുകൾക്ക് UGC ലൈബ്രേറിയൻ തസ്തികയ്ക്ക് അർഹതയുണ്ടെന്നും കോളേജ് വിദ്യാഭ്യാസ ഡയറക്ടർ റിപ്പോർട്ട് ചെയ്തിട്ടുണ്ട്.

9. ഈ വിഷയം പരിശോധിച്ചതിൽ സർക്കാർ നോമിനി പങ്കെടുത്ത സെലക്ഷൻ കമ്മിറ്റി തന്നെയാണ് ശ്രീമതി. പെടീഷ്യ റോബിനെ ഗ്രേഡ് IV ലൈബ്രേറിയൻ തസ്തികയിലേക്ക് തിരഞ്ഞെടുത്തതെന്ന് കാണുകയുണ്ടായി. ഗ്രേഡ് IV ലൈബ്രേറിയൻ തസ്തികയിലേക്കുള്ള നിയമനത്തിന് ടിയാരി ഉയർന്ന പ്രായപരിധി അധികരിച്ചെങ്കിലും UGC ലൈബ്രേറിയൻ തസ്തികയിലേക്കുള്ള നിയമനമായി പരിഗണിച്ചാൽ ടിയാരി നിശ്ചിത പ്രായപരിധിക്കുള്ളിലാണെന്ന് കാണുകയുണ്ടായി. യു.ജി.സി. സ്കെയിലിൽ ശമ്പളം വാങ്ങി വന്നിരുന്ന സിസ്റ്റർ. മെറ്റിൽഡ വിരമിച്ചതിനെ തുടർന്ന് 2010 ൽ നിലവിൽ വന്ന

ഒഴിവിലേക്കാണ് തന്നെ നിയമിച്ചതെന്നും തനിക്ക് UGC ലൈബ്രേറിയൻ തസ്തികയ്ക്ക് ആവശ്യമായ യോഗ്യത ഉണ്ടായിരുന്നുവെന്നും അപേക്ഷക അറിയിച്ചിട്ടുണ്ട്. സ്റ്റാഫ് പാറ്റേൺ 2016 പ്രകാരം 18.10.2016 ന് ചേർത്തല സെന്റ് മൈക്കിൾസ് കോളേജിൽ UGC ലൈബ്രേറിയൻ തസ്തിക അനുവദിച്ചുവെങ്കിലും ശ്രീമതി. പെടീഷ്യ റോബിന് നിയമനാംഗീകാരം നൽകാത്തതിനാൽ ടി തസ്തിക ഒഴിച്ചിട്ടിരിക്കുകയാണ്.

10. ഈ വിഷയത്തിൽ ധനകാര്യവകുപ്പ് ഇപ്രകാരം അഭിപ്രായം രേഖപ്പെടുത്തുകയുണ്ടായി .

"Since UGC librarian post was sanctioned to the College as on 18-10-2016, the age relaxation admissible to this post cannot be made applicable to the petitioner at the time of her appointment and hence the claim of Smt. Patricia Robin that she was eligible to be appointed in the post of UGC Librarian as on 28/12/2012 cannot be agreed to.

This has the approval of the Hon'ble Minister (Finance)".

11. ചേർത്തല സെന്റ് മൈക്കിൾസ് കോളേജിൽ UGC ലൈബ്രേറിയനായി ജോലി ചെയ്തുവന്ന സിസ്റ്റർ. മെറ്റിൽഡ വിരമിച്ച ഒഴിവിലേക്കാണ് ശ്രീമതി. പെടീഷ്യാ റോബിൻ നിയമിക്കപ്പെട്ടതെന്നു കാണുന്നു. 10.02.1994 മുതൽ സെന്റ് മൈക്കിൾസ് കോളേജിന് UGC ഗ്രാന്റ് ലഭിച്ചിരുന്നെങ്കിലും ടി തസ്തികയെ കോളേജ് ലൈബ്രേറിയൻ എന്ന തസ്തികയായാണ് വിജ്ഞാപനം ചെയ്യുകയും 28.12.2012 ന് ശ്രീമതി. പെടീഷ്യാ റോബിനെ ഗ്രേഡ് IV ലൈബ്രേറിയനായി നിയമിക്കുകയും ചെയ്തത്. 09.05.2008 ലെ സ.ഉ.(കൈ)നം.50/2008/ഉവിവ യുടെ ഖണ്ഡിക 5 (i) പ്രകാരം യു.ജി.സി. യോഗ്യത കൈവരിച്ചിട്ടുള്ളതും 17.09.2004 ൽ ലൈബ്രേറിയന്മാരായി സർവ്വീസിലുള്ളവർക്ക് യു.ജി.സി. സ്കെയിലിൽ ശമ്പളത്തിന് അർഹതയുണ്ട്. ശ്രീമതി. പെടീഷ്യ റോബിൻ മൂന്ന് MA ഡിഗ്രികളും, NET, PhD, MPhil, MLISc എന്നിവയും കൈവരിച്ചിട്ടുണ്ട്. എയ്ഡഡ് കോളേജുകളിലെ ലൈബ്രേറിയന്മാരിൽ ഏറ്റവും ഉയർന്ന യോഗ്യത കൈവരിച്ച ലൈബ്രേറിയൻമാരിൽ ഒരാളാണ് ശ്രീമതി. പെടീഷ്യ റോബിൻ.

12. വയസ്സിളവ് നൽകുന്ന വിഷയമായല്ല സർക്കാർ ഇക്കാര്യം പരിഗണിക്കുന്നത്. മുൻ ലൈബ്രേറിയൻ സിസ്റ്റർ.മെറ്റിൽഡ 2010 ൽ വിരമിക്കുമ്പോൾ ടിയാൾ UGC ഗ്രേഡ് ലൈബ്രേറിയൻ ആയിരുന്നതിനാൽ തുടർന്ന് 2012 ൽ ശ്രീമതി. പെടീഷ്യ റോബിന്റെ നിയമനവുമായി ബന്ധപ്പെട്ട ഒഴിവ് 'യുജിസി ലൈബ്രേറിയൻ ഒഴിവ്' എന്ന് വിജ്ഞാപനം

ചെയ്യതായി അനുമാനിച്ച്, അങ്ങനെ UGC ലൈബ്രേറിയന് ബാധകമായ പ്രായപരിധിക്കുള്ളിലുള്ള നിയമനത്തിന് ശ്രീമതി, പെടീഷ്യ റോബിൻ പ്രാപ്തയാണെന്ന് കണക്കാക്കി, ടിയാളുടെ ആവലാതി പരിഹരിക്കുകയാണ് ചെയ്യുന്നത്.

13. ചേർത്തല സെന്റ് മൈക്കിൾസ് കോളേജിന് UGC ലൈബ്രേറിയൻ തസ്തികയ്ക്ക് അർഹതയുള്ളതിനാൽ വിജ്ഞാപനം UGC ലൈബ്രേറിയൻ തസ്തികയിലേയ്ക്ക് വേണ്ടി ആയിരുന്നെങ്കിൽ ശ്രീമതി.പെടീഷ്യാ റോബിൻ നിയമനത്തിന് അർഹമായ നിയമാനുസൃത പ്രായപരിധിക്കുള്ളിൽ വരുമായിരുന്നു എന്ന് കാണുന്നതിനാൽ ധനകാര്യവകുപ്പിന്റെ അഭിപ്രായം മറികടന്ന് ടി നിയമനം അംഗീകരിക്കാമോ എന്നതിൽ ഉത്തരവിനായി ഫയൽ ചംക്രമണം ചെയ്യതിൽ ഈ വിഷയം മന്ത്രിസഭയുടെ പരിഗണനയ്ക്ക് സമർപ്പിക്കുന്നതിന് ബഹു.മുഖ്യമന്ത്രി ഉത്തരവിട്ടു.

## തീരുമാനമെടുക്കേണ്ട വിഷയം

ചേർത്തല സെന്റ് മൈക്കിൾസ് കോളേജിൽ 28.12.2012 ൽ ലൈബ്രേറിയൻ ഗ്രേഡ് IV ആയി നിയമിതയായ ശ്രീമതി.പെടീഷ്യ റോബിന്റെ നിയമനം ചുവടെ ചേർത്തിരിക്കുന്ന വസ്തുതകളുടെ അടിസ്ഥാനത്തിൽ ധനകാര്യവകുപ്പിന്റെ അഭിപ്രായം മറികടന്ന് കൊണ്ട് അംഗീകരിക്കാമോ?

I. യു.ജി.സി. ഗ്രേഡ് ലൈബ്രേറിയൻ ആയിരുന്ന സിസ്റ്റർ. മെറ്റിൽഡ 2010 ൽ വിരമിച്ചതിനെ തുടർന്ന് ഉണ്ടായ ഒഴിവിലാണ് 2012 ൽ ശ്രീമതി. പെടീഷ്യ റോബിൻ നിയമിതയായത്.

II. അപേക്ഷ സമർപ്പിക്കുമ്പോൾ തന്നെ ശ്രീമതി. പെടീഷ്യ റോബിൻ UGC ലൈബ്രേറിയന് വേണ്ട എല്ലാ യോഗ്യതകളും ആർജിച്ചിരുന്നു.

III. 'E' ഗ്രേഡ് കോളേജുകൾക്കും UGC ലൈബ്രേറിയൻ തസ്തികയ്ക്കുള്ള അർഹത ഉണ്ട്.

IV. ടി ഒഴിവ് UGC ലൈബ്രേറിയൻ ഒഴിവ് ആയി വിജ്ഞാപനം ചെയ്യാമായിരുന്നു.